'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും ലൈബ്രേറിയൻ ഗ്രേഡ്- 4 തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനത്തിനുള്ള യോഗ്യത ലിസ്റ്റിൽ ശ്രീ. ഹരികൃഷ്ണനെ ഉൾപ്പെടുത്തി 01/08/2018 ൽ ഉണ്ടായ ലൈബ്രേറിയൻ ഗ്രേഡ്- 4 തസ്തികയിലെ ഒഴിവിൽ നിയമനം നൽകുന്നതിനും, ശ്രീ. ബൈജുവിനെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് റിവേർട്ട് ചെയ്ത് തുടർന്നുണ്ടാകുന്ന ഒഴിവിലേക്കായി അർഹതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്

G.O.(Rt)No.84/2020/LSGD തീയതി,തിരുവനന്തപുരം, 10/01/2020

പരാമർശം:-
1 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 11.06.2018 ലെ ഇ2-6978/2018 നമ്പർ ഉത്തരവ്
2 ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 04/10/2019 ലെ OA 1734/2019 നമ്പർ ഉത്തരവ്
3 13.08.2019 ലെ ഇപിഎ2/86/2019 നമ്പർ സർക്കാർ കത്ത്
4 പഞ്ചായത്ത് ഡയറക്ടറുടെ 21/08/2019 ലെ PAN/22551/2018-E13(DP) നമ്പർ ഉത്തരവ്

<u>ഉത്തരവ്</u>

കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്തിൽ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ ബൈജു.പി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1734/2019 പരാമർശം (2) പ്രകാരം ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ ചുവടെ പറയും പ്രകാരം നിർദേശിച്ചു.

"........... Even though various contentions have been raised by the Learned Counsel for the parties, we are not going in to those contentions, as the entire matter to be considered afresh by the first respondent before which the appeal was submitted by the 5th respondent. The OA is hence allowed and Annexure A9 and R5(l) are set aside. There will be a direction to the first respondent to take a fresh decision after hearing the applicant and the 5th respondent as expeditiously as possible at any rate within a period of two months from the date of receipt of certified copy of this order.The Original Application is allowed to the above extent."

2. ശ്രീ ബൈജു. പി യെ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിൽ നിന്നും തരം

താഴ്ത്തുന്നതിന് നിർദ്ദേശം നൽകി പരാമർ ശം (4) പ്രകാരം 2-ാം എതിർകക്ഷിയായ പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവാണ് അനക്ഷർ A9. പരാമർ ശം (3) ലെ സർക്കാർ കത്താണ് അനക്ഷർ R5(I). OA 1734/2019 നമ്പർ വ്യവഹാരത്തിലേക്ക് നയിച്ച സംഭവങ്ങളുടെ രത്നചുരുക്കം ചുവടെ പറയുന്നു.

3. 1994 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് വകുപ്പിൽ ലൈബ്രേറിയൻ ഗ്രേഡ് 4 തസ്തികയിലെ ഒഴിവുകളിലേക്ക് പി.എസ്.സി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, 4 വർഷത്തിലധികം സർവ്വീസുള്ള ഫുൾടൈം സ്വീപ്പർ എന്നിവരിൽ നിന്നും മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകി അതാത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരാണ് നിയമിച്ച വരുന്നത്. പ്രസ്തുത തസ്തികയിലേക്ക് നിയമനം നടത്തുന്നതിലേക്ക് യോഗ്യരായവരുടെ മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനായി വിവരങ്ങൾ ശേഖരിച്ച് 3/5/2018 ൽ നോട്ടീസ് നൽകി കരട് പട്ടിക 22/5/2018ൽ തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പ്രസിദ്ധീകരിച്ചിരുന്നു. അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ തന്നെക്കൂടി ഉൾപ്പെടുത്തണമെന്നപേക്ഷിച്ച് ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ വി.ഹരികൃഷ്ണൻ, തന്റെ കൈവശം യോഗ്യതാ പരീക്ഷ വിജയിച്ച രേഖകൾ കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിക്കുവാൻ കാലതാമസം നേരിട്ടതിനാൽ മാർക്ക് ലിസ്റ്റ്, 2017 ഫെബ്രുവരി മുതൽ 2017 സെപ്റ്റംബർ വരെയുള്ള പ്രസ്തുത കോഴ്സ് പൂർത്തിയാക്കി എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം എന്നിവ സഹിതം ഉചിത മാർഗ്ഗേന അപേക്ഷ സമർപ്പിക്കുകയും ആയതിൽ പരീക്ഷ വിജയിച്ചോ എന്നത് സംബന്ധിച്ച് പരാമർശമില്ലാത്തതിനാൽ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിനുള്ള മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സ് പാസ്സായതിനുള്ള രേഖകൾ ലഭ്യമാക്കുവാൻ നിർ ദ്ദേശിച്ച് 31/5/2018 ൽ തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അപേക്ഷ നിരസിക്കുകയുമുണ്ടായി. തുടർന്ന് ലൈബ്രേറിയൻ തസ്തികയിലേക്കുള്ള നിയമനത്തിന് യോഗ്യരായവരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് ശ്രീ വി.ഹരികൃഷ്ണനെ ഒഴിവാക്കി 2/6/2018 ൽ പ്രസിദ്ധപ്പെടുത്തി.

4 . തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 31/5/2018 ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ വി.ഹരികൃഷ്ണൻ കേരള യൂണിവേഴ്സിറ്റിയിൽ നിന്നും 11722 രജിസ്റ്റർ നമ്പർ പ്രകാരം 2018 ഏപ്രിലിൽ നടത്തിയ സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് എന്ന യോഗ്യതാ പരീക്ഷ വിജയിച്ചിട്ടുണ്ടെന്നും, ടി കോഴ്സ് ലൈബ്രേറിയൻ തസ്തികയിലേക്കുള്ള യോഗ്യതാ കോഴ്സ് ആണെന്നും വ്യക്തമാക്കുന്ന 27/06/2018 തീയതിയിലെ സർട്ടിഫിക്കറ്റ് കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ലഭ്യമാക്കി 28.06.2018 ന് ചെമ്മരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം അപേക്ഷ സമർപ്പിച്ചിരുന്നു. 31.07.2018 ൽ അഴൂർ ഗ്രാമപഞ്ചായത്തിൽ ലൈബ്രേറിയൻ റിട്ടയർ ചെയ്തതു മൂലമുണ്ടായ 1/8/2018 ലെ ഒഴിവിൽ തന്റെ പേരു ഉൾപ്പെടുത്തി ലൈബ്രേറിയൻ ഗ്രേഡ് I V തസ്തികയിലേക്ക് അർഹമായ പ്രൊമോഷൻ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നപേക്ഷിച്ച് 7/8/2018 ലും വീണ്ടും 14/8/2018ലും തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി. 30/04/2018 ലെ

റിട്ടയർമെന്റ് മൂലം 01/05/2018 ൽ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിൽ ഉണ്ടായ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിലെ ഒഴിവിൽ നിയമാനുസൃത യോഗ്യതയുള്ളതും, ശ്രീ.ഹരികൃഷ്ണന്റെ സീനിയറുമായ ശ്രീ.എസ്.അനിൽ കുമാറിന് 2/6/2018 ൽ പ്രസിദ്ധപ്പെടുത്തിയ ലിസ്റ്റിൽ നിന്നും സ്ഥാനക്കയറ്റം നൽകി 1/6/2018 ൽ ലൈബ്രേറിയനായി നിയമിച്ചിരുന്നു. 04.06.2018 ന് കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.അനിൽ കുമാർ 05/06/2018 മുതൽ 200 ദിവസത്തേക്ക് അവധിയിൽ പ്രവേശിക്കുകയും ടി ഒഴിവിലേക്ക് മുൻഗണനാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ ഓഫീസ് അറ്റന്റന്റ് ശ്രീ. ബൈജു.പി ക്ക് തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം (1) ഉത്തരവ് പ്രകാരം താത്കാലിക സ്ഥാനക്കയറ്റം നൽകി കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിലെ അവധി ഒഴിവിൽ നിയമിക്കുകയും ചെയ്തു. തിരുവനന്തപുരം ജില്ലയിൽ ലൈബ്രേറിയൻ തസ്തികയിൽ അടുത്ത ഒഴിവ് (വിരമിക്കൽ ഒഴിവ്) ഉണ്ടായത് 1/08/2018 ൽ അഴൂർ ഗ്രാമപഞ്ചായത്തിലാണ്. തുടർന്ന് 05/06/2018 മുതൽ അർഹതപ്പെട്ട അവധിയിൽ പ്രവേശിച്ചിരുന്ന ശ്രീ എസ്.അനിൽകുമാറിന്, ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അവധി റദ്ദ് ചെയ്തു, തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 04/08/2018 ലെ ഉത്തരവ് പ്രകാരം 1/08/2018 ന് അഴൂർ ഗ്രാമപഞ്ചായത്തിലുണ്ടായ റിട്ടയർമെന്റ് ഒഴിവിലേക്ക് പുനർനിയമനം നൽകുകയും ചെയ്തു.

5. സ്ഥാനക്കയറ്റത്തിനു വേണ്ട യോഗ്യതാ പരീക്ഷ വിജയിച്ചത് സംബന്ധിച്ച സർ ട്ടിഫിക്കറ്റ് 28/06/2018 ന് ചെമ്മരുതി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ 1/08/2018 ൽ തിരുവനന്തപുരം ജില്ലയിലെ ആഴൂർ ഗ്രാമപഞ്ചായത്തിൽ വന്നിരുന്ന ലൈബ്രേറിയൻ തസ്തികയിലെ ഒഴിവിലേക്ക് ശ്രീ.ഹരികൃഷ്ണന് നിയമാനുസൃതം സെലക്ട് ലിസ്റ്റ് പുനഃപരിശോധിച്ച് സീനിയോറിറ്റി പുനഃക്രമീകരിക്കേണ്ടതായിരുന്നു. ഇപ്രകാരം 1/08/2018 ൽ അഴൂർ ഗ്രാമപഞ്ചായത്തിൽ റിട്ടയർമെന്റ് ഒഴിവ് വന്ന സമയത്ത് തനിക്ക് നിയമാനുസൃത യോഗ്യതയുള്ളതിനാലും ആദ്യം നിയമിച്ച ശ്രീ എസ്.അനിൽകുമാറിന് ശേഷം യോഗ്യതയുള്ളത് തനിക്കായതിനാലും അവധി ഒഴിവിൽ നിയമിച്ച തന്റെ ജൂനിയറായ ശ്രീ എസ്.ബൈജുവിന്റെ നിയമനം താൽക്കാലികമാണെന്ന് നിയമന ഉത്തരവിൽ വ്യക്തമായി പരാമർശിക്കുന്നതിനാലും തനിക്ക് അർഹതപ്പെട്ട 31.07.2018 ലെ റിട്ടയർമെന്റ് മൂലം 1/8/2018ൽ ഉണ്ടായ ഒഴിവ് കണക്കാക്കി സ്ഥാനക്കയറ്റം അനുവദിച്ച് നൽ കണമെന്ന് അപേക്ഷിച്ച് 7/8/2018ൽ ശ്രീ. ഹരികൃഷ്ണൻ വീണ്ടും തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും 14/8/2018 ൽ മറ്റൊരപേക്ഷ സമർപ്പിക്കുകയും ചെയ്തു. തുടർ ന്ന് 14/8/2018 ലെ ശ്രീ.വി.ഹരികൃഷ്ണൻ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്തുത ലൈബ്രേറിയൻ തസ്തികയിലേക്ക് ടിയാനെ നിയമിക്കാവുന്നതാണോ എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടു.ആയതിന്റെ അടിസ്ഥാനത്തിൽ

"ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും ലൈബ്രേറിയൻ ഗ്രേഡ്-4 തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനത്തിനുള്ള യോഗ്യത ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ ശ്രീ. ഹരികൃഷ്ണൻ യോഗ്യത നേടിയില്ലെങ്കിലും സ്ഥിരമായി ആ ലിസ്റ്റിൽ ഉൾപ്പെടുത്താതിരിക്കാനാവില്ല. 27.06.2018-ൽ ശ്രീ.വി.ഹരികൃഷ്ണൻ നിയമാനുസൃത

യോഗ്യത കാണുന്നു. ആയതിനാൽ ടി യോഗ്യത നേടിയതിനു ശേഷം വകുപ്പിൽ ഉണ്ടായ ലൈബ്രേറിയൻ ഗ്രേഡ്- 4 തസ്തികയിലെ ഒഴിവിലേയ്ക്ക് നിയമിക്കപ്പെടാൻ ടിയാൻ അർഹനാണ്. ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ. ഹരികൃഷ്ണൻ, ശ്രീ. എസ്.അനിൽകുമാറിനും, ശ്രീ.ബൈജുവിനും ഇടയിലാണ്. ആയതിനാൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും ലൈബ്രേറിയൻ ഗ്രേഡ്-4 തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനത്തിനുള്ള യോഗ്യത ലിസ്റ്റിൽ ശ്രീ.എസ്.അനിൽ കുമാറിനും (ക്രമ നം.1) ശ്രീ.ബൈജുവിനും(ക്രമ നം.2) ഇടയിൽ ക്രമനം. 1(a) ആയി ശ്രീ. ഹരികൃഷ്ണനെ ഉൾപ്പെടുത്തി, ശ്രീ.ഹരികൃഷ്ണന് 31/07/2018-ൽ ഉണ്ടായ ലൈബ്രേറിയൻ ഗ്രേഡ്- 4 തസ്തികയിലേ ഒഴിവിൽ നിയമനം നൽകാവുന്നതും, ശ്രീ. ബൈജുവിനെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് റിവേർട്ട് ചെയ്യേണ്ടതുമാണെന്നും അറിയിച്ച് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് സർക്കാർ സ്പഷ്ടീകരണം നൽകി.

6. മേൽ നിർദ്ദേശത്തെ തുടർന്ന് ശ്രീ ഹരികൃഷ്ണനെ യോഗ്യതാലിസ്റ്റിൽ ശ്രീ. അനിൽകുമാറിനും ശ്രീ ബൈജുവിനും ഇടയിൽ ഉൾപ്പെടുത്തി 31.07.2018ൽ ഉണ്ടായ ലൈബ്രേറിയൻ ഗ്രേഡ്I V തസ്തികയിലെ ഒഴിവിൽ ശ്രീ ഹരികൃഷ്ണന് നിയമനം നൽകുന്നതിനും ശ്രീ ബൈജു പി യെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് റിവർട്ട് ചെയ്ത് നിയമിക്കുന്നതിനും തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ശ്രീ ഹരികൃഷ്ണൻ പഞ്ചായത്ത് ഡയറക്ടർ മുമ്പാകെ സമർപ്പിച്ച അപ്പീൽ തീർപ്പാക്കിയും പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. . പ്രസ്തുത ഉത്തരവിനെതിനെതിരെ ശ്രീ ബൈജു. പി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 1734/2019 ഫയൽ ചെയ്യുകയും 22.08.2019 ൽ ബഹു. ട്രിബ്യൂണൽ സ്റ്റേ ഉത്തരവ് പുറപ്പെടുവിക്കുകയും പരാമർശം (2) പ്രകാരം 04.10.2019ൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

7. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനായ ശ്രീ ബൈജു. പി, 5-ാം കക്ഷിയായ ശ്രീ ഹരികൃഷ്ണൻ .വി എന്നിവരെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട അവസരത്തിൽ ശ്രീ ബൈജുവിനോടൊപ്പം ടിയാളുടെ കൗൺസലും ഹാജരായി. നേരിൽ കേട്ട അവസരത്തിൽ ശ്രീ ബൈജുവിന്റെ കൗൺസലും ബൈജുവും ചുവടെ പറയുന്ന വാദങ്ങൾ നിരത്തി.

1. സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അപേക്ഷ ക്ഷണിച്ച 03.05.2018ൽ ശ്രീ ബൈജു. പി യോഗ്യത കൈവരിച്ചിരുന്നു. അപേക്ഷ സമർപ്പിക്കുന്നതിന് 14.05.2018 വരെ സമയം അനുവദിച്ചിരുന്നു. പ്രസ്തുത സമയത്ത് 5-ാം എതിർകക്ഷി യോഗ്യത കൈവരിച്ചിരുന്നില്ല.

2. 28.06.2018 ലെ അപേക്ഷയോടൊപ്പം കോഴ്സ് സർട്ടിഫിക്കറ്റ് മാത്രം സമർപ്പിച്ച 5-ാം എതിർവാദി 27.06.2018 തീയതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് തന്റെ യോഗ്യത തെളിയിക്കുന്നതിനായി സമർപ്പിച്ചു. അതേ സമയം 27.06.2018 ൽ മാത്രമാണ് ടിയാൻ നേടിയെന്നവകാശപ്പെടുന്ന യോഗ്യത പരീക്ഷയുടെ റിസൾട്ട് പ്രഖ്യാപിച്ചിട്ടുള്ളത്. ആയതിനാൽ 27.06.2018ൽ പ്രസ്തുത പരീക്ഷയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ സാധ്യതയില്ല. കൂടാതെ 03.02.2019 നാണ് ടിയാൻ പ്രസ്തുത

യോഗ്യത പരീക്ഷ സർട്ടിഫിക്കറ്റ് കൈപ്പറ്റിയതെന്ന് വിവരാവകാശ നിയമ പ്രകാരമുള്ള രേഖ വെളിപ്പെടുത്തുന്നു. ആകയാൽ ടിയാന്റെ സർട്ടിഫിക്കറ്റിൽ Malpractice ആരോപിക്കുന്നു.

3. ഒരു പ്രമാണം, ഇവിടെ സർട്ടിഫിക്കറ്റ്, ലഭിക്കുന്നതിനു മുമ്പായി വിവിധ തലങ്ങളിൽ പ്രസ്തുത രേഖകൾ ഉണ്ടെന്ന് വിവിധ അധികാര സ്ഥാനങ്ങളിൽ എഴുതി സമർപ്പിച്ചതാണ്. ഇത് ക്രിമിനൽ കേസ് ക്ഷണിച്ച് വരുത്തുന്നതാണ്.

8. ശ്രീ ഹരികൃഷ്ണൻ ചുവടെ കുറിക്കുന്ന വാദങ്ങൾ നിരത്തി.

1. 1/8/2018 ലെ ഒഴിവുവരുന്ന സമയത്ത് ടിയാൻ യോഗ്യനായിരുന്നു. ലൈബ്രേറിയൻ ഗ്രേഡ് 4 യോഗ്യതയ്ക്ക് ആവശ്യമായ യോഗ്യതാ പരീക്ഷ 2018 ഏപ്രിൽ മാസം നടന്ന പരീക്ഷയിലാണ് കൈവരിച്ചത്. പ്രസ്തുത തീയതിയിൽ തനിക്ക് യോഗ്യത ലഭിച്ചിരിക്കെ ടി തീയതിയിൽ പരീക്ഷ പാസായതായി കണക്കാക്കി സീനിയോറിറ്റി ലിസ്റ്റ് പുനഃക്രമീകരിച്ച് അർഹതപ്പെട്ട പ്രൊമോഷൻ നൽകണമെന്ന് ടിയാൻ അപേക്ഷിച്ചു.

2 . തിരുവനന്തപുരം ജില്ലയിൽ ഓഫീസ് അറ്റൻഡന്റുമാരിൽ നിന്നും യോഗ്യത നേടിയ ലൈബ്രേറിയൻ ഗ്രേഡ് 4 തസ്തികയുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് അപേക്ഷിച്ച് 28/05/2018 ൽ ചെമ്മരുത്തി പഞ്ചായത്ത് സെക്രട്ടറി മുഖേന A3/3591/18 ആയി തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചു. കോഴ്സ് പാസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ പ്രസിദ്ധീകരിച്ച പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയില്ലെന്നു കാണിച്ച് 31.05.2018 ലെ E2/6978/08(1) നമ്പർ കത്തു പ്രകാരം അപേക്ഷ നിരസിച്ചു.

3. 27.06.018 ൽ ലഭിച്ചിട്ടുള്ള കോഴ്സ് പാസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റ് പുനഃക്രമീകരിച്ച് തിരുവനന്തപുരം ജില്ലയിൽ അടുത്തുണ്ടാകുന്ന ഒഴിവിലേക്ക് പരിഗണിക്കണമെന്നപേക്ഷിച്ച് 28.06.18 ലും 09.07.2018 ലും അപേക്ഷകൾ സമർപ്പിച്ചു. പ്രസ്തുത അപേക്ഷകളിൽ നടപടി സ്വീകരിക്കാതിരുന്നതിനെ തുടന്ന് 01.08.2018 ൽ അഴൂർ ഗ്രാമപഞ്ചായത്തിലെ ഒഴിവിൽ അർഹതപ്പെട്ട പ്രൊമോഷൻ നൽകണമെന്ന് 08.08.2018ൽ അപേക്ഷിച്ചു.

4.യോഗ്യത കൈവരിച്ചിട്ടുള്ളതിനാൽ സീനിയോറിറ്റി പുനക്രമീകരിക്കണമെന്നു കാണിച്ച് സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ നൽകിയിട്ടും അവ സമയബന്ധിതമായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ മുന്നിലെത്തിക്കാതെ കൃത്യവിലോപം കാട്ടിയ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ E2 സെക്ഷൻ കൈകാര്യം ചെയ്യുന്ന ജീവനക്കാരനെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചു.

9. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 02.06.2018 ലെ E2/6978/08 നമ്പർ ഉത്തരവ് പ്രകാരം കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിൽ ലൈബ്രേറിയൻ ഗ്രേഡ് 4 ആയി 4/6/2018ൽ ജോലിയിൽ പ്രവേശിച്ച ശ്രീ.എസ് അനിൽകുമാർ 5/6/2018 ലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ A2/3032/18 നം ഉത്തരവ് പ്രകാരം 200 ദിവസത്തെ

അവധിയിൽ പ്രവേശിച്ചു. പ്രസ്തുത അവധി ഒഴിവിലേക്ക് ശ്രീ ബൈജു പി യെ പരാമർശം (1) ഉത്തരവ് അനുസരിച്ച് ലൈബ്രേറിയൻ ഗ്രേഡ് 4 ആയി താൽക്കാലികമായി നിയമനം നൽകി. അഴൂർ ഗ്രാമപഞ്ചായത്തിൽ 31/7/2018 ൽ നിലവിലുണ്ടായിരുന്ന ലൈബ്രേറിയൻ വിരമിച്ചതുമൂലമുണ്ടായ ഒഴിവ് അഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിൽ നിന്നും 200 ദിവസത്തെ അവധിയിൽ പോയ ശ്രീ അനിൽകുമാർ തിരികെ ജോലിയിൽ പ്രവേശിക്കുന്നതായി കാണിച്ച് കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 3/8/2018 ലെ കത്തിന്റെ അടിസ്ഥാനത്തിൽ 01.08.2018 ൽ അഴൂർ ഗ്രാമപഞ്ചായത്തിൽ ഉണ്ടായ ലൈബ്രേറിയൻ ഗ്രേഡ് 4 ഒഴിവിൽ ശ്രീ അനിൽകുമാർ എസ് നെ തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 4/8/2018 ലെ E2/6978/2018 ഉത്തരവ് പ്രകാരം നിയമിച്ചു. ലൈബ്രേറി സയൻസ് പാസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതിനാൽ സീനിയോറിറ്റി പുനഃക്രമീകരിക്കണം എന്നുകാട്ടി സർട്ടിഫിക്കറ്റ് സഹിതം ശ്രീ ഹരികൃഷ്ണൻ അപേക്ഷ നൽകിയിട്ടും തുടർ അപേക്ഷകൾ നൽകിയിട്ടും അവ സമയബന്ധിതമായി തീർപ്പാക്കാതെ പൂഴ്ത്തിവയ്ക്കുകയാണ് ഉണ്ടായതെന്ന് കാണുന്നു.

10. ശ്രീ ബൈജു ഫയൽ ചെയ്ത OA 1734/2019 ൽ ചുവടെ കുറിക്കുന്ന വാദങ്ങളാണ് നിരത്തിയിട്ടുള്ളത്.

3/5/2018 ലെ E2-6978/2018 പ്രകാരം ലൈബ്രേറിയൻ ഗ്രേഡ് 4 ലേക്ക് പ്രൊമോഷൻ നൽകുന്നതിന് യോഗ്യത നേടിയ പഞ്ചായത്ത് വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ യോഗ്യത പരിഗണിച്ച് പ്രസ്തുത തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത പരിഗണിച്ച് 2/6/2018ൽ പ്രസിദ്ധപ്പെടുത്തിയ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ ബൈജു 2-ാം റാങ്കുകാരനാണ്. 1-ാം റാങ്കുകാരൻ അവധിയിൽ പോയ ഒഴിവിൽ 2-ാം റാങ്കുകാരനായ തന്നെ കടയ്ക്കാവൂർ പഞ്ചായത്തിൽ ലൈബ്രേറിയൻ ഗ്രേഡ് 4 ആയി നിയമിച്ചു. ശ്രീ ഹരികൃഷ്ണൻ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തൽ ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണത്തിൽ ടിയാന് valid സർട്ടിഫിക്കറ്റില്ല. 28/6/2018 ൽ കോഴ്സ് സർട്ടിഫിക്കറ്റ് മാത്രമാണ് സമർപ്പിച്ചത്. ഒഴിവ് വന്ന 3/5/2018ൽ ശ്രീ ഹരികൃഷ്ണൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല. 28/6/2018ൽ കോഴ്സ് സർട്ടിഫിക്കറ്റാണ് സമർപ്പിച്ചിട്ടുള്ളത്. കൂടാതെ 5/6/2018 ൽ വന്നിട്ടുള്ള ഒഴിവിൽ 11/6/2018 നിയമിക്കുകയുണ്ടായി. 5-ാം എതിർകക്ഷിയുടെ വാദം തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് Library and Information Science ൽ Valid certificate ഇല്ലെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. വിവരാവകാശ രേഖ പ്രകാരം അഡ്വ. സുഭാഷ് സമ്പാദിച്ച വിവരപ്രകാരം 30.11.2018 വരെ 5-ാം എതിർവാദിക്ക് യോഗ്യത സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടില്ലാത്തതാണ്. 11/6/2018ൽ ലൈബ്രേറിയൻ ഗ്രേഡ് 4 തസ്തിക ഒഴിവുണ്ടാകുന്ന അവസരത്തിൽ 5-ാം എതിർവാദി യോഗ്യനായിരുന്നില്ല. തനിക്ക് സ്വാഭാവിക നീതി നിഷേധിച്ചു.

11. എന്നാൽ 5-ാം എതിർവാദി 20.10.2017 മുതൽ 3.11.2017 വരെയും 10.4.2018 മുതൽ 23.04.2018 വരെയും തീയതികളിൽ കേരള യൂണിവേഴ്സിറ്റി നടത്തിയ Certificate in Library and Information Science കോഴ്സ് പരീക്ഷ എഴുതി. ഏപ്രിൽ 2018 ൽ നടന്ന പരീക്ഷയുടെ റിസൾട്ട് 27/6/2018ൽ പ്രഖ്യാപിച്ചു. 27.06.2018 ലാണ് റിസൽട്ട് പ്രഖ്യാപിച്ചതെന്നതിൽ

ഹർജിക്കാരനും ഹർജിക്കാരന്റെ കൗൺസലിനും എതിരഭിപ്രായമില്ല. 28.06.2018 ൽ 5-ാം എതിർകക്ഷി ഉചിതമാർഗ്ഗേണ തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിൽ 28.06.2018 തീയതിയായ കോഴ്സ് സർട്ടിഫിക്കറ്റും മാർക്ക് ലിസ്റ്റും സഹിതം പഞ്ചായത്ത് ലൈബ്രേറിയൻ ഗ്രേഡ് 4 ബൈട്രാൻസ്ഫർ നിയമനത്തിനുള്ള സീനിയോറിറ്റി പട്ടികയിൽ തന്നെ ഉൾപ്പെടുത്തുന്നതിന് അപേക്ഷിച്ചു. എന്നാൽ പ്രസ്തുത അപേക്ഷ പരിഗണിച്ചിട്ടില്ല. അപേക്ഷയോടൊപ്പം ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റിൽ ടിയാൻ പരീക്ഷ പാസായതായി വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. "Certified that Sri. Harikrishnan. V, Radha bhavan, keezhattingal, Attingal, has passed the Certificate in Library and Information Science course conducted by this centre, during April 2018, with Reg No. 11722. This is a regular course with six months duration. Recognition has been granted to this course by the Government of Kerala vide G.O.(Rt).No. 1802/2005/H.Edn. Dated 24.10.2005, as a certificate equivalent to the certificate awarded by the Kerala State Library Council and State Central Library in the Library and Information Science, which is the basic qualification for the post of librarian Grade IV" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിൽ നിന്നും തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 31/5/2018 ലെ E2/6978/08(1) നമ്പർ കത്തു പ്രകാരം അറിയിച്ച കോഴ്സ് പാസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ പ്രസിദ്ധീകരിച്ച പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയില്ലെന്ന നിലപാട് 28/6/2018 ൽ നിലനിൽക്കുന്നില്ല.

12. 27.6.2018ൽ റിസൾട്ട് പ്രഖ്യാപിച്ച പരീക്ഷയുടെ സർട്ടിഫിക്കറ്റ് അതേ തീയതിയിൽ അതായത് റിസൾട്ട് പ്രഖ്യാപിക്കുന്ന തീയതിയിൽ Qualification achieve ചെയ്യുന്നതായി യൂണിവേഴ്സിറ്റി അംഗീകരിച്ച അതേ തീയതിയിൽ സർട്ടിഫിക്കറ്റ് നൽകുന്നു. Kerala Gazette Part B General Conditions, PSC notification പ്രകാരം "സർവ്വകലാശാലയോ മറ്റധികൃത സ്ഥാപനങ്ങളോ നടത്തുന്ന പരീക്ഷകളുടെ കാര്യത്തിൽ പരീക്ഷാ ഫലം സർവ്വകലാശാലയോ മറ്റു ബന്ധപ്പെട്ട അധികാരികളോ ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ മാത്രമേ ഉദ്യോഗാർത്ഥികൾ ആ പരീക്ഷ പാസായതായി കണക്കാക്കപ്പെടുകയുള്ളൂ." അപ്രകാരം 2018 ഏപ്രിൽ മാസം കേരള സർവകലാശാല നടത്തിയ Library Science and Information ന്റെ റിസൾട്ട് 27.06.2018ൽ പ്രസിദ്ധപ്പെടുത്തിയത് എന്നതിനാൽ പ്രസ്തുത പരീക്ഷ റിസൾട്ട് പ്രസിദ്ധപ്പെടുത്തിയ തീയതിയിൽ പാസായതായി നേരിട്ടുള്ള നിയമനത്തിന് പരിഗണിക്കുന്നതാണ്.

13. എന്നാൽ പഞ്ചായത്ത് വകുപ്പിൽ യോഗ്യരായ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും by - transfer നിയമനം സംബന്ധിച്ചാണ് ഇവിടെ പരാതി ഉയർന്നിരിക്കുന്നത്; KS&SSR Rule 28, 10 പ്രകാരം "The Claims of a person who qualifies himself for a post, after the select list in respect of that post has been prepared, but before the date of occurrence of the vacancy in the higher post shall not be over looked". അതു പ്രകാരം തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്തുകളിലെ ലൈബ്രേറിയൻ ഗ്രേഡ് I V തസ്തികയിലേയ്ക്കുള്ള സീനിയോറിറ്റി ലിസ്റ്റ് 2/6/2018ൽ പ്രസിദ്ധീകരിച്ചു. എന്നാൽ ഒഴിവ് വന്നത് 1/8/2018 ലാണ്. പ്രസ്തുത തീയതിക്കു മുമ്പ് 27/6/2018 ൽ 5-ാം എതിർവാദി നിർദ്ദിഷ്ട യോഗ്യതാ പരീക്ഷ നേടിയതായി റിസൾട്ട്

പ്രഖ്യാപിക്കുകയും ജയിച്ചതായി അറിയിച്ചുകൊണ്ടുള്ള അധികാരസ്ഥാനത്തു നിന്നുള്ള കോഴ്സ് സർട്ടിഫിക്കറ്റും മാർക്ക് ലിസ്റ്റും സഹിതം 28.06.2018 ൽ സമർപ്പിച്ച അപേക്ഷ നിരസിച്ച നടപടി ഉചിതമല്ല.

14. KS&SSR Rule 28(11) പ്രകാരം " The select list shall be reviewed and revised for the purpose of sub clause (10) in cases where the acquisition of an extra qualification or the gaining of a prescribed period of experience is insisted on as conditions precedent to the selection to the higher post".

അതു പ്രകാരം 1/8/2018 ൽ ഉണ്ടായ ഒഴിവിലേക്ക് 2/6/2018ൽ പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റ് റിവ്യൂ ചെയ്യാവുന്നതാണ്.

15."KS&SSR, Rule 28, 14(bbb)" പ്രകാരം "where a pass in any examination or test confers on a person the title to any right, benefit or concession, such title to the right, benefit or concession shall be deemed to have accrued -

(b) in the case of a person who has passed such examination or test on or after 14th August 1971, on the day following the last day of the whole examination or test in which he has successfully completed the examination or test by passing one or more subjects"

16.മേൽ ചട്ടം പ്രകാരം 23.04.2018 ലാണ് അവസാന പരീക്ഷയെഴുതിയതെങ്കിൽ 24.04.2018 ൽ 5-ാം എതിർകക്ഷി യോഗ്യത നേടിയതായി കണക്കാക്കാവുന്നതാണ്. മുകളിൽ പറഞ്ഞ വസ്തുതകളുടെയെല്ലാം അടിസ്ഥാനത്തിൽ R5(I) ആയി 5-ാം എതിർകക്ഷി സമർപ്പിച്ച പരാമർശം (3) ലെ സർക്കാർ കത്തിലെ സ്പഷ്ടീകരണം നിയമപരമായി നിലനിൽക്കുന്നതാണ്.

17. തിരുവനന്തപുരം ജില്ലയിലെ ലൈബ്രേറിയൻ ഗ്രേഡ് I V തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനത്തിനായി തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റിൽ, 1.8.2018 ൽ ഉണ്ടായ ഒഴിവിലേക്ക് നിയമനം നടത്തുന്നതിലേയ്ക്കായി KS&SSR Rule 28(10), 28(11) എന്നിവ പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും ലൈബ്രേറിയൻ ഗ്രേഡ്-4 തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനത്തിനുള്ള യോഗ്യത ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ ശ്രീ. ഹരികൃഷ്ണൻ യോഗ്യത നേടിയില്ലെങ്കിലും സ്ഥിരമായി ആ ലിസ്റ്റിൽ ഉൾപ്പെടുത്താതിരിക്കാനാവില്ല. 27.06.2018-ൽ ശ്രീ.വി.ഹരികൃഷ്ണൻ നിയമാനുസൃത യോഗ്യത കൈവരിച്ചിട്ടുള്ളതിനാൽ ടി യോഗ്യത നേടിയതിനു ശേഷം 01.08.2018 ൽ വകുപ്പിൽ ഉണ്ടായ ലൈബ്രേറിയൻ ഗ്രേഡ്- 4 തസ്തികയിലെ ഒഴിവിലേയ്ക്ക് നിയമിക്കപ്പെടാൻ ടിയാൻ അർഹനാണ്.

18. മേൽ സാഹചര്യങ്ങളിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും ലൈബ്രേറിയൻ ഗ്രേഡ്- 4 തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനത്തിനുള്ള യോഗ്യത ലിസ്റ്റിൽ ശ്രീ.എസ്.അനിൽകുമാറിനും (ക്രമ നം.1) ശ്രീ.ബൈജുവിനും(ക്രമ നം.2) ഇടയിൽ ക്രമനം. 1(a) ആയി ശ്രീ. ഹരികൃഷ്ണനെ ഉൾപ്പെടുത്തി, ശ്രീ.ഹരികൃഷ്ണന് 31/07/2018ലെ റിട്ടയർമെന്റ് മൂലം 01/08/2018 ൽ ഉണ്ടായ ലൈബ്രേറിയൻ ഗ്രേഡ്-4 തസ്തികയിലെ ഒഴിവിൽ നിയമനം നൽകുന്നതിനും, ശ്രീ. ബൈജുവിനെ ഓഫീസ്

അറ്റൻഡന്റ് തസ്തികയിലേയ്ക്ക് റിവേർട്ട് ചെയ്ത് തുടർന്നുണ്ടാകുന്ന ഒഴിവിലേക്കായി അർഹതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കേണ്ടതുമാണ് എന്നും നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഉത്തരവ് സമയബന്ധിതമായി പാലിച്ച് തുടർ നടപടി കൈക്കൊള്ളുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു. .

19. പരാമർശം (2) ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEBA B
DEPUTY SECRETARY

ശ്രീ. ശ്രീ. ബൈജു. പി ( ലൈബ്രേറിയൻ ഗ്രേഡ്-4, കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം)കലാഭവൻ, വാഴോട്ട്കോണം, ആനാട്. പി.ഒ, നെടുമങ്ങാട്. പി.ഒ, തിരുവനന്തപുരം – 695541

ശ്രീ. ഹരികൃഷ്ണൻ, ഓഫീസ് അറ്റൻഡന്റ്, ചെമ്മരുതി ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം – 695145

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, ചെമ്മരുതി ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/123/2019-LSGD/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Danuja M

സെക്ഷൻ ഓഫീസർ